# അയൽക്കാരുടെയും അഭിമാനം

2150 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള ഈ വീടിന്റെ വിജയരഹസ്യം ഡിസൈനറും വീട്ടുകാരും പണിക്കാരും തമ്മിലുള്ള മാനസിക പൊരുത്തമാണ്.



അയൽക്കാരുടെ അസൂയ- അത് ആഗ്രഹിക്കാത്തവരുണ്ടോ? എന്നാൽ അയൽക്കാർക്കു പോലും അഭിമാനം തോന്നുന്ന വീടാണ് തൃശൂർ കോലഴിയിൽ ബിസിനസുകാരനായ രമേഷ് പണിതത്.

1. മനസ്സിനിഷ്ടപ്പെട്ട ഒരു എക്സ്റ്റീരിയറിനുവേണ്ടിയാണ് രമേഷ് ഡിസൈനറായ ഫൈസലിനെ സമീപിച്ചത്. മികച്ച എക്സ്റ്റീരിയർ മാത്രമല്ല, അത്യുഗ്രനൊരു ഇൻറീരിയർ കൂടി ഫൈസൽ രമേഷിനു നൽകി.







2. ഓടിട്ട വീടായിരിക്കണം. അതു മാത്രമായിരുന്നു വീട്ടുകാരൻെറ നിർബന്ധം. ഓട് കച്ചവടക്കാരൻ രമേഷിൻെറ വീട്ടിൽ ഓട് ഇട്ടിട്ടില്ല എന്നു പറയുന്നത് മോശമല്ലേ? ഫൈസൽ നൽകിയ ത്രീഡിയിലുള്ള ആദ്യത്തെ എക്സ്റ്റീരിയർ പടത്തിലേ വീട്ടുകാർ അടിയറവു പറഞ്ഞു. പിന്നെ പന്ത് ഡിസൈനറുടെ കളത്തിൽ.

സ്കചയർ പാറ്റേൺ പിന്തുടരാൻ ഗേറ്റ് മുതലേ ശ്രമം തുടങ്ങി. സ്കചയർ ജിഐ പൈപ്പു കൊണ്ടാണ് ചുറ്റുമതിൽപോലും. വീടിൻെറ പ്രധാനനിറം വെള്ളതന്നെ. വെള്ളയോട് ഏതു നിറവും ചേരുമെങ്കിലും ആഷിനുള്ളയത്ര ചേർച്ച മറ്റു നിറങ്ങൾക്കുണ്ടോ?!

ഡിസൈൻ

**ഫൈസൽ എ. എം**
നിർമാൺ ഡിസൈനേഴ്സ്, മഞ്ചേരി, മലപ്പുറം.
ഫോൺ: 9895978900

**രമേഷ്, രേഖ, കീർത്തന**
കോലഴി, തൃശൂർ





രമേഷ് കുടുംബത്തോടൊപ്പം

**3. ലി**വിങ്, ഡൈനിങ്, കോർട്ട്‌യാർഡ് എല്ലാം ഒറ്റ ഹാളിന്റെ ഭാഗമായിട്ടാണ്. ഫർണിച്ചറിൽ പോലും ഡിസൈനറുടെ കയ്യൊപ്പ് പതിഞ്ഞിട്ടുണ്ട്. ലിവിങ് ഭിത്തിയിലെ വുഡ് ക്ലാഡിങ്ങിന്റെ തുടർച്ചയായി കുറച്ചിടത്തുമാത്രം വുഡൻ ഫ്ളോർ നൽകി, ബാക്കിയെല്ലാം വിട്രിഫൈഡ് ടൈൽ.

ലിവിങ് റൂമിന്റെ സൈഡിലായി ഒരു കോർട്ട്‌യാർഡ് കാണുന്നില്ലേ? വീടിനുള്ളിൽ പ്രകാശം കോരിയൊഴിക്കലാണ് മുകളിൽ പർഗോളയിട്ട ഈ കോർട്ട്‌യാർഡിന്റെ ലക്ഷ്യം.



**4. ലി**വിങ് റൂമിന്റെ ഒരുവശത്താണ് പൂജാമുറി. നിർമാണം വാസ്തുവനുസരിച്ചുതന്നെ. ഗ്ലാസും പ്ലൈവുഡും ഉപയോഗിച്ചു നിർമിച്ച മോഡേൺ വാതിലുകൂടിയായപ്പോൾ പൂജാമുറിക്കും കിട്ടി പുത്തൻ പരിവേഷം. പൂജാമുറിയുടെ ചെറിയ ജനൽ ഒന്നു ശ്രദ്ധിക്കണേ.. എക്സ്റ്റീരിയർ ഭംഗികൂടി കണക്കിലെടുത്തു നിർമിച്ചതാണ് ജനലിന്റെ ഈ ചതുരമുഖം.




5. പ്രത്യേകം ഡിസൈൻ ചെയ്തു നിർമിച്ച ഡൈനിങ് ടേബിളും കസേരകളും - ഡൈനിങ് ഏരിയയിലെ ശ്രദ്ധാകേന്ദ്രം മറ്റൊന്നുമല്ല. ലിവിങ്-ഡൈനിങ് ഏരിയകളിൽ മാത്രം ഫോൾസ് സീലിങ് ചെയ്ത് ഇൻഡയറക്ട് ലൈറ്റിങ് ചെയ്തു. ഡൈനിങ് ഏരിയയ്ക്ക് എതിരിലുള്ള ലിവിങ് ഏരിയയുടെ ഭിത്തി ടെക്സ്ചർ പെയിൻറ് ചെയ്ത് ട്രെൻഡിയാക്കി.

ഡൈനിങ് ഏരിയയുടെ വലതു വശത്താണ് അടുക്കള. അടുക്കളയിൽനിന്ന് കോർട്ട്യാർഡിലേക്ക് കണ്ണെത്തുന്ന വിധത്തിൽ ഒരു ഗ്ലാസ് ജനാലയുമുണ്ട്.


6

**6. ഫാ**മിലി ലിവിങ് റൂം തന്നെയാണ് സ്റ്റഡി ഏരിയയും. പഴയ സോഫയുടെ അപ്ഹോൾസ്റ്ററി പുതുക്കിയപ്പോൾ വീടിന്റെ കണ്ടംപററി സ്റ്റൈലിനോടു യോജിപ്പായി. ജനലുകൾക്ക് ലിവിങ് റൂമുകളിൽ വുഡൻ ബ്ലൈൻഡുകളും മറ്റുമുറികളിൽ റോളർ ബ്ലൈൻഡുകളുമാണ് നൽകിയിരിക്കുന്നത്.

**7. നാ**ലു കിടപ്പുമുറികളാണ്. താഴെ രണ്ട്, മുകളിലും രണ്ട്. താഴത്തെ കിടപ്പുമുറിക്ക് ബ്ലാക്ക് ആൻഡ് വൈറ്റ് തീമാക്കി. തടിയുടെ പോലും നിറം ഡിസൈനർ പെയിന്റ് ഉപയോഗിച്ച് കറുപ്പിലേക്കു മാറ്റി. മുകളിലെ കിടപ്പുമുറികളിൽ ഒന്ന് ടീനേജേഴ്സ് റൂമായാണ് ഡിസൈൻ ചെയ്തത്.

**8. നാ**ലു കിടപ്പുമുറികളും ബാത്റൂം അറ്റാച്ഡ് ആണ്. ചെറിയ ബാത്റൂമുകൾ ആയതിനാൽ ഫ്ളഷുകൾ എക്സ്റ്റീരിയർ ഭിത്തിയിലാണ് ഘടിപ്പിച്ചത്. കൺസീൽഡ് ഫ്ളഷിന്റേതുപോലുള്ള ചെറിയൊരു ബട്ടൺ മാത്രമാണ് ബാത്റൂമിൽ കാണുന്നത്. മിൽക്ക് ഫ്രോസ്റ്റഡ് ഗ്ലാസ് അലുമിനിയം ഫ്രെയിമിൽ ഘടിപ്പിച്ചാണ് ബാത്റൂം വാതിലുകൾ നിർമിച്ചത്. ■


7


8